"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033
ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

**DT/6421/2025-C3** **തീയതി: 23-09-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - പുതിയ ഐ.ടി.ഐ കൾ, മിനി സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (MSTI) എന്നിവ ആരംഭിക്കുന്നതിനുള്ള അപേക്ഷകളും, നിലവിലുള്ള ഐ.ടി.ഐ കളിൽ പുതിയ ട്രേഡുകൾ/ യൂണിറ്റുകൾ ചേർക്കുന്നതിനുള്ള അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനായി **01.10.2026** മുതൽ **31.10.2026** വരെ അഫിലിയേഷൻ പോർട്ടൽ തുറന്ന് പ്രവർത്തനക്ഷമമാക്കുന്ന **DGT** നിർദേശം അറിയിക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. **30/05/2026, 27/06/2026, 31/08/2026** എന്നീ തീയതികളിലെ ഇതേ നമ്പരായ ചുറ്ററിയിപ്പുകൾ.
2. **22.09.2026** തീയതിയിലെ **DGT-Aff011(51)/2/2026-O/o DIR (TC)** നമ്പരായ **DGT** യിൽ നിന്നുള്ള അറിയിപ്പ്

*********

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഫിലിയേഷൻ നോംസ് **2025** അനുസരിച്ച് പുതിയ അഫിലിയേഷൻ പോർട്ടൽ **DGT** വികസിപ്പിക്കുകയും, പ്രസ്തുത പോർട്ടൽ മുഖേനെ, വിവിധ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ സൂചന **(1)** പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പോർട്ടൽ വഴി പുതിയ ഐ.ടി.ഐ കൾ, മിനി സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ **(MSTI)** എന്നിവ ആരംഭിക്കുന്നതിനുള്ള അപേക്ഷകളും, നിലവിലുള്ള ഐ.ടി.ഐ കളിൽ പുതിയ ട്രേഡുകൾ/ യൂണിറ്റുകൾ ചേർക്കുന്നതിനുള്ള അപേക്ഷകളും സമർപ്പിക്കുന്നതിനായി, **01.10.2026** മുതൽ **31.10.2026** വരെയുള്ള ഒരു മാസ കാലയളവിൽ അഫിലിയേഷൻ പോർട്ടൽ തുറന്ന് പ്രവർത്തനക്ഷമമായിരിക്കുമെന്ന അറിയിപ്പ്

സൂചന (2) പ്രകാരം **DGT** അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള അപേക്ഷകൾ **https://affiliation-dgt.skillindiadigital.gov.in** എന്ന അഫിലിയേഷൻ പോർട്ടൽ ലിങ്ക് മുഖേന മേൽ സൂചിപ്പിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ സമർപ്പിക്കാവുന്നതാണ്.

കൂടാതെ, അഫിലിയേഷൻ മാനദണ്ഡങ്ങൾ–**2025** ലെ വ്യവസ്ഥകൾ പ്രകാരം, ഐ.ടി.ഐ കളുടെ സ്ഥലം മാറ്റം/ ഷിഫ്റ്റിംഗ് **(Change of Location/Shifting of ITI)**, ഡി.എസ്.ടി **(Dual System of Training - DST)**, സ്ഥാപനം സ്വമേധയാ സറണ്ടർ ചെയ്യൽ/ അടച്ചുപൂട്ടൽ **(Self-Surrender/Closure of ITI)** എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്നതിനായി അഫിലിയേഷൻ പോർട്ടൽ വർഷം മുഴുവൻ ലഭ്യമായിരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള എല്ലാ അപേക്ഷകളും അഫിലിയേഷൻ മാനദണ്ഡങ്ങൾ-**2025** ലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും പ്രോസസ് ചെയ്യുന്നതെന്നും നിർദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചനയിലെ **DGT** നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷ (പുതിയ ഐ.ടി.ഐ കൾ, മിനി സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ **(MSTI)** എന്നിവ ആരംഭിക്കുന്നതിനുള്ള അപേക്ഷകളും, നിലവിലുള്ള ഐ.ടി.ഐ കളിൽ പുതിയ ട്രേഡുകൾ/യൂണിറ്റുകൾ) സമർപ്പിക്കാൻ താല്പര്യമുള്ള സ്ഥാപന അധികാരികൾക്ക്, **01.10.2026** മുതൽ **31.10.2026** വരെയുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ അഫിലിയേഷൻ പോർട്ടലിന്റെ ലിങ്ക് ആയിട്ടുള്ള **https://affiliation-dgt.skillindiadigital.gov.in** മുഖേന, അഫിലിയേഷൻ നോംസ് **2025** അനുസരിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം, ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പുകൾ സഹിതം, ആവശ്യം രേഖപ്പെടുത്തിക്കൊണ്ട് ഈ കാര്യാലയത്തിലേക്ക് കത്ത് നൽകേണ്ടതുമാണ്. സൂചനയിൽ പരാമർശിക്കുന്ന **DGT** നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Digitally signed by
D MENEKSH PRASAD
Date: 23-09-2026
22:22:35

**അഡീഷണൽ ഡയറക്ടർ**

സ്വീകർത്താവ്: എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** മേധാവികളും

പകർപ്പ്: ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.ടി സെൽ (വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്).